**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3026** — **22.6.2012-ൽ മറുപടിയ്ക്ക്**

**തെങ്ങിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ**

***ചോദ്യം***

**ശ്രീ.കെ.ദാസൻ**

(എ) തെങ്ങിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്നും ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഉള്ളത് എന്നും വിശദമാക്കാമോ ;

(ബി) വിർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദനം, സംഭരണം, വിപണനം എന്നീ മേഖലകളിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇതിനായുള്ള ഏജൻസികൾ ഏതെല്ലാം എന്നും എവിടെയാണ് പ്രവർത്തിക്കുന്നത് എന്നും വിശദമാക്കാമോ ?

***മറുപടി***

**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) മൂല്യവർദ്ധിത ഉൽപന്നങ്ങളിലൂടെ കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടു കൊണ്ട് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് സന്നദ്ധതയുള്ള സംരംഭകർക്ക് ധനസഹായം നൽകുന്നതിനും അവർക്ക് വേണ്ട പരിശീലനവും അവബോധവും പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള സഹായവും നൽകുന്നതിനെല്ലാം കൂടി 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംരംഭകർക്ക് പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതാണ്.

(ബി) വിർജിൻ കോക്കനട്ട് ഓയിലിന്റെ യൂണിറ്റുകൾ കേരളത്തിൽ തുടങ്ങുന്ന കാര്യം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**